**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **23-02-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടും അനുമതി ലഭിക്കാത്ത എത്ര അപേക്ഷകളുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | സൗര സബ്സിഡി പ്രോഗ്രാം ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ് (ഫേസ് - II). ഈ പദ്ധതിയിൽ ഏകദേശം 30000 - ത്തോളം അപേക്ഷകൾ ലഭിച്ചു. അവയിൽ ഏകദേശം എല്ലാ അപേക്ഷകളുടെയും ലിസ്റ്റ് ഡെവലപ്പർമാർക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ 6000 – ത്തോളം അപേക്ഷകൾ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് അപേക്ഷകളുടെ സർവ്വേ നടന്നു വരുന്നു. സൗര ഒന്നാം ഘട്ടം (ഫേസ്–I) പദ്ധതിയിൽ രണ്ടു ലക്ഷത്തിലധികം പേർ രജിസ്റ്റർ ചെയ്തെങ്കിലും സ്ഥല പരിശോധനയ്ക്ക് ശേഷം 42000 സൈറ്റുകൾ തെരഞ്ഞെടുക്കുകയും അവയിൽ നിന്ന് അനുയോജ്യമായ 2331 സൈറ്റുകൾക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ 2021 നവംബർ ഒന്നുമുതലാണ് ഓൺലൈനായി അനെർട്ട് സ്വീകരിച്ചു തുടങ്ങിയത്. അപേക്ഷിച്ചിട്ടും അനുമതി ലഭിക്കാത്ത അപേക്ഷകൾ ഇല്ല. |
| (ബി) | എന്തുകൊണ്ടാണ് അനുമതി ലഭിക്കാത്തത്; കാരണം വിശദമാക്കാമോ; | (ബി) | അനുമതി നൽകാത്തതിന് ഒരു പ്രധാന കാരണം നിഴൽ വീഴാത്ത പുരപ്പുറത്തിന്റെ അഭാവമാണ്. കൂടാതെ Roof Top-ൽ കയറാനുള്ള സൗകര്യക്കുറവും സബ്സിഡി കഴിഞ്ഞുള്ള തുക അടയ്ക്കുന്നതിൽ ഉപഭോക്താവ് വരുത്തുന്ന കാലതാമസം എന്നിവയും അനുമതി നൽകാത്തതിന്റെ മറ്റു കാരണങ്ങളാണ്. |
| (സി) | എത്ര ശതമാനം സബ്സിഡിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഗാർഹിക ഉപഭോക്താക്കൾക്കാണ് സൗര സബ്സിഡി പദ്ധതിയിൽ പങ്കെടുക്കാനാവുക. 1 മുതൽ 3 കിലോ വാട്ട് ശേഷി വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം |

| | | | |
|---|---|---|---|
| | | | സബ്സിഡിയും, 4 മുതൽ 10 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് ഓരോ കിലോവാട്ടിനും 20 ശതമാനവും സബ്സിഡി എന്ന രീതിയിലാണ് കേന്ദ്രസർക്കാർ സബ്സിഡി നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡി ഇല്ല. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി സബ്സിഡി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ